**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2835</u>** **<u>12-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>മങ്കേരി തോട് നവീകരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖരത്തിലേക്ക് ഭരതപ്പുഴയിൽ നിന്നും ജലം എത്തിച്ച കൊണ്ടിരുന്ന തോട് നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖരത്തിലേക്ക് വെള്ളം എത്തുന്ന തോട നവീകരിക്കുന്നതിനുള്ള 250.00 ലക്ഷം തുക വരുന്ന പ്രൊപ്പോസൽ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ Annexure II Volume II ഭരണാനുമതിയില്ലാത്ത പ്രവർത്തികളിൽ ഉൾപ്പെടുത്തുന്നതിനായി (പേജ് 65 നം.708 ആയി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിലേയ്ക്ക് നൽകിയെങ്കിലും ടി പ്രവൃത്തി സർക്കാരിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ Annexure II Volume II ഭരണാനുമതിയില്ലാത്ത പ്രവർത്തികളിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | ജലത്തിന്റെ ദൗർലഭ്യം മൂലം കർഷകർ ഏറെ ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രസ്തുത തോട് നവീകരിച്ച് ജലസേചനം സാധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | മേൽ വിഷയ പ്രകാരമുള്ള പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത പൊതുഉപയോഗം എന്നിവ പരിഗണിച്ച് തോട്ടിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ കര സംരക്ഷണം നടത്തി തോട് നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് . |
| (സി) | തോട്ടിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മേൽ വിഷയ പ്രകാരമുള്ള പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത പൊതുഉപയോഗം എന്നിവ പരിഗണിച്ച് തോട്ടിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ കര സംരക്ഷണം നടത്തി തോട് നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ